എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് പരാതി

6 (*126) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടത്തിവരുന്ന എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് വ്യാപകമായ പരാതികൾ ഉയർന്നവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) എൻട്രൻസ് പരീക്ഷാ നടത്തിപ്പിന്റെ നിലവിലുള്ള സംവിധാനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) എഞ്ചിനീയറിംഗ്/മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ചോദ്യപേപ്പറുകളെ സംബന്ധിക്കുന്ന ചില പരാതികൾ വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മാധ്യമങ്ങളിൽ വന്ന ചില വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) തത്ക്കാലം ആലോചനയില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മൈത്രി ഭവന നിർമ്മാണ പദ്ധതിപ്രകാരം നൽകിയ വായ്പ

7 (*127) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് മൈത്രി ഭവന പദ്ധതി പ്രകാരം എത്ര തുകയാണ് വായ്പ നൽകിയത് ;

(ബി) പ്രസ്തുത കാലയളവിൽ ഈയിനത്തിൽ കൂടുതൽ തുക ചെലവഴിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടാണ് ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ഈയിനത്തിൽ എത്ര തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) മുൻസർക്കാരിന്റെ കാലത്ത് മൈത്രി ഭവന പദ്ധതി പ്രകാരം 3.75 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിന് ആകെ 712 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പ എടുത്തിരുന്നു. എന്നാൽ ഇതിൽ നിന്ന് 2.3 ലക്ഷം വീടുകൾക്കായി 437 കോടി രൂപ മാത്രമാണ് വായ്പയായി നൽകിയത്.

(ബി) മൈത്രി ഭവന പദ്ധതിക്കായി ഹഡ്കോയിൽ നിന്നും വായ്പയായി വാങ്ങിയ 712 കോടി രൂപയിൽ 275 കോടി രൂപ മറ്റാവശ്യങ്ങൾക്കു വേണ്ടി ബോർഡ് വകമാറ്റി ചെലവഴിച്ചു കൂടാതെ മൈത്രി ഭവന ആനിറ്റി ഡെപ്പോസിറ്റ് പ്രകാരം ഗുണഭോക്താക്കളുടെ തിരിച്ചടവിനായി ത്രിതല പഞ്ചായത്തുകളിൽ നിന്നും മാറ്റുമായി ബോർഡ് സ്വരൂപിച്ച 217 കോടി രൂപ വകമാറ്റി ചെലവഴിക്കുകയുണ്ടായി. ഇക്കാരണങ്ങളാൽ ആ കാലഘട്ടത്തിൽ മൈത്രി ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കൂടുതൽ തുക വായ്പയായി നൽകാൻ കഴിഞ്ഞില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5/2003 വരെ മൈത്രി ഭവന പദ്ധതി പ്രകാരം 36.58 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാതെ ചെലവഴിക്കുകയുണ്ടായി. ഇതിനകം 21552 വീടുകൾ പൂർത്തിയാക്കി. 13952 വീടുകളുടെ പണി പുരോഗമിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തി വച്ച മൈത്രി ഭവന പദ്ധതി ഉൾപ്പെടെയുള്ള വിവിധ വായ്പാ പദ്ധതികളിലെ ഗുണഭോക്താക്കൾക്കുള്ള ഒന്നാം ഗഡു വായ്പാ വിതരണം 2003 മേയ് മാസത്തിൽ പുനരാരംഭിച്ചു.

യു. എ. ഇ.യിലെ പൊതുമാപ്പിന്റെ കാലാവധി

8 (*128) ശ്രീ. എം. കുമാരൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. എ. ഇ. യിലെ പൊതുമാപ്പിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രകാലത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ഇതുവരെയുള്ള പൊതുമാപ്പ് പ്രയോജനപ്പെടുത്തി എത്ര മലയാളികൾ തിരിച്ചെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പൊതുമാപ്പ് അർഹിക്കുന്ന എത്രപേർ ഇനി തിരിച്ചെത്തുവാൻ ഉണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവരെ തിരികെ കൊണ്ടുവരുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly